

# ഖലീൽ ജിബ്രാൻ

## കാവ്യദംശനമേറ്റ പ്രവാചകൻ



ഡോ. കെ.മുഹമ്മദ് അലി അസ്കർ

**ലബനാനിനോടുള്ള**
**അടങ്ങാത്ത സ്നേഹം ഉള്ളിൽ**
**സൂക്ഷിച്ചിരുന്നെങ്കിലും**
**കിഴക്കിന്റെയും പടിഞ്ഞാറിന്റെയും**
**രാഷ്ട്രീയാതിർത്തികളെ**
**മറികടന്നു കൊണ്ടു ഒരു**
**ലോകപൗരൻ എന്നു**
**വിളിക്കപ്പെടാവുന്ന ദാർശനിക**
**പക്വതയാർജ്ജിച്ച അപൂർവം**
**എഴുത്തുകാരിൽ**
**ഒരാളായിരുന്നു**
**ജിബ്രാൻ ഖലീൽ ജിബ്രാൻ**

പാശ്ചാത്യ ലോകം പൗരസ്ത്യ ദേശത്തിന്റെ ആത്മീയ ഉൾപൊരുളുകളന്വേഷിക്കുന്നതിന് ഇരുപതാം നൂറ്റാണ്ട് സാക്ഷിയായി. കവികളും കലാകാരൻമാരും ആത്മീയതയുടെ മാന്ത്രിക ലോകങ്ങളിൽ ആകൃഷ്ടരായി. ഡബ്ല്യൂ.ബി.യീറ്റ്സിന്റെ ഉപനിഷത് വിവർത്തനമുണ്ടായി, ഏലിയറ്റ് ഒമർ ഖയാമിന്റെ റുബായിയാത്തിന് ആസ്വാദനമെഴുതി.

ടെക്നോളജിയുടെയും മെഷീൻഗണ്ണുകളുടെയും അസഹ്യമായ അസ്വാസ്ഥ്യങ്ങൾക്കപ്പുറത്തുള്ള ശാന്തിയുടെ തീരങ്ങളിലേക്ക് പാശ്ചാത്യമനസ്സ് പതുക്കെ പതുക്കെ പലായനം ചെയ്യാൻ തുടങ്ങുകയായിരുന്നു.ഈ ഭൂമികയിലേക്കാണ് തന്റെ ആത്മാവു പിഴിഞ്ഞുണ്ടാക്കിയ ഉൽപ്പന്നങ്ങളുമായി ജിബ്രാൻ ഖലീൽ ജിബ്രാൻ ആഗതനാവുന്നത്.

നാൽപ്പത്തിയെട്ടു വർഷം, 1883 ജനുവരി 6 മുതൽ 1931 ഏപ്രിൽ 10 വരെ. ആദ്യ ഖണ്ഡത്തിലെ അൽപവർഷങ്ങൾ സ്വദേശമായ ലെബനാനിലെ ബിശാറയിൽ, രണ്ടാംഖണ്ഡമാസകലം പ്രവാസിയായി അമേരിക്കയിലെ ന്യൂയോർക്കിൽ എഴുത്തുകാരനെന്ന നിലയിൽ, തികച്ചും അസാദൃശ്യമുള്ള രണ്ടു സംസ്കാരങ്ങൾക്കിടയിൽ ജീവിക്കുകയും പ്രതിഭയുടെ അനൽപമായ ആഴപ്പരപ്പുകൊണ്ടു സ്നേഹവും ആരാധനയും നേടിയെടുക്കുകയും ചെയ്തു ജിബ്രാൻ.

നൂറ്റാണ്ടുകളായി നില നിന്നിരുന്ന പഴഞ്ചൻ ശൈലികളിൽ നിന്നും അറബി സാഹിത്യത്തിന്റെ മോചകനായി സാഹിത്യ ജീവിതം തുടങ്ങിയ ജിബ്രാൻ, തന്നെ ദത്തെടുത്ത ഇംഗ്ലീഷ് സാഹിത്യത്തിലും എന്നെന്നും ഏറ്റവുമധികം വായിക്കപ്പെടുന്ന കൃതികളുടെ രചയിതാവായി മാറി. പ്രസിദ്ധീകരിച്ച കാലയളവിൽ തന്നെ ദി പ്രൊഫറ്റ് ഇരുപതോളം ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. 90 വർഷമായിട്ടും ലോകത്തിലെ മറ്റു ഭാഷകളിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടും ചർച്ച ചെയ്യപ്പെട്ടും ഈ കൊച്ചു കൃതി ഒരത്ഭുതമായി നില നിൽക്കുന്നു.

തന്റെ ആഘോഷിക്കപ്പെട്ട രചനകളെല്ലാം പാശ്ചാത്യ ലോകത്തെ മുഖ്യഭാഷയായ ഇംഗ്ലീഷിലെഴുതിയ ജിബ്രാന്റെ ശൈലികളിലും ദർശനങ്ങളിലും കിഴക്കിന്റെ, പ്രത്യേകിച്ചു അറബി നാടിന്റെ, ചൂടും ചൂരും ഉൾചേർന്നിരുന്നു.



മേരി എലിസബത്ത് ഹാസ്കിൽ

ലെബനാനിനോടുള്ള അടങ്ങാത്ത സ്നേഹം ഉള്ളിൽ സൂക്ഷിച്ചിരുന്നെങ്കിലും കിഴക്കിന്റെയും പടിഞ്ഞാറിന്റെയും രാഷ്ട്രീയാതിർത്തികളെ മറികടന്നു കൊണ്ടു ഒരു ലോകപൗരൻ എന്നു വിളിക്കപ്പെടാവുന്ന ദാർശനിക പക്വതയാർജ്ജിച്ച അപൂർവം എഴുത്തുകാരിൽ ഒരാളായിരുന്നു ജിബ്രാൻ ഖലീൽ ജിബ്രാൻ.

ജിബ്രാന്റെ ജീവിതത്തെ കുറിച്ചു പലരും എഴുതിയിട്ടുണ്ടെങ്കിലും എല്ലാം ഒരു മിത്തിന്റെ സ്വഭാവമുള്ളവയാണ്. ഒരളവോളം ജിബ്രാൻ തന്നെയാണതിനു കാരണക്കാരൻ, വളരെ കുറച്ചു മാത്രമെ സ്വന്തം ജീവിതം അദ്ദേഹം മറ്റുള്ളവർക്കു മുന്നിൽ എഴുതി പ്രകാശിപ്പിച്ചുള്ളൂ. തന്റെ നാടിന്റെയും കുടുംബത്തിന്റെയും ദരിദ്രാവസ്ഥ വെളിപ്പെടുത്താൻ ഉള്ളിലെ അപകർഷതാബോധം ജിബ്രാനെ വിലക്കിയിരിക്കാം. അതു കൊണ്ടു തന്നെ സ്വന്തം രചനകളിലെ കഥാപാത്രങ്ങളുടെ ജീവിതങ്ങളെ ജിബ്രാന്റെ ജീവിതം തന്നെയായിരിക്കുമെന്നു വായനക്കാർ വിശ്വസിച്ചു. യാഥാർത്ഥ്യങ്ങളിൽ നിന്നും സങ്കൽപനങ്ങളിൽ നിന്നും ഇഴപിരിച്ചെടുക്കാനാവാതെ ഒരു മിത്തായി മാറി ജിബ്രാന്റെ ജീവിതം. അങ്ങനെ വിശ്വസിക്കാനേ ഭൂരിപക്ഷം ജിബ്രാൻ വായനക്കാർക്കും സാധിക്കുകയുള്ളൂ.

ജിബ്രാന്റെ ആത്മസുഹൃത്തും ജീവചരിത്രകാരനുമായ മിഖായേൽ നുഅയ്മ ജിബ്രാൻ ഖലീൽ ജിബ്രാൻ എന്ന കൃതിയിൽ പറയുന്നു:


'പക്ഷെ ലബനാനിലെ ബിശാറ എന്ന ചെറുഗ്രാമത്തിലാണു താൻ ജനിച്ചതെന്ന് പറയാൻ ജിബ്രാൻ നാണിച്ചു. തന്നെപ്പോലുള്ള ഒരാൾ രഹസ്യങ്ങളുടെ മാന്ത്രികലോകത്ത് ജനിക്കേണ്ടയിരുന്നു എന്നു വിശ്വസിച്ചു. അൽഫനൂൻ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി നസീബ് അരീദ ജിബ്രാന്റെ ജീവചരിത്രപരമായ ഒരു കുറിപ്പ് ആവശ്യപ്പെട്ടപ്പോൾ താൻ ഇന്ത്യയിലെ ബോംബെ എന്ന നഗരത്തിലാണ് ജനിച്ചതെന്നും പക്ഷെ ഇക്കാര്യം മറ്റാരും അറിയുന്നതിൽ തനിക്കു താൽപര്യമില്ലെന്നും ജിബ്രാൻ പറഞ്ഞു. ഇന്ത്യ ജിബ്രാന്റെ മനസ്സിൽ ഒരു മാന്ത്രിക ലോകമായിരിക്കണം.

അൽഫുനൂനിൽ ജിബ്രാന്റെ ജീവ ചരിത്രപരമായ കുറിപ്പ് ഇങ്ങനെ പ്രസിദ്ധീകരിച്ചു: ' ജിബ്രാൻ ആയിരത്തി എണ്ണൂറ്റിയെൺപത്തി മൂന്നിൽ ലബനാനിലെ ബിശാറ എന്ന ഗ്രാമത്തിൽ ജനിച്ചു (ഇന്ത്യയിലെ ബോംബെ എന്ന നഗരത്തിലാണെന്നും പറയപ്പെടുന്നു) '1883 ജനുവരി 6ന് വടക്കെ ലബനാനിലെ വിശുദ്ധ താഴ്‌വര എന്നറിയപ്പെടുന്ന വാദീഖാദിഷയുടെ പ്രാന്തത്തിലുള്ള ബിശാറയിലാണ് ജിബ്രാൻ ഖലീൽ ജിബ്രാൻ

ജനിക്കുന്നത്. അച്ഛൻ ഖലീൽ ജിബ്രാൻ ബിശാറയിലെ നികുതി പിരിവുകാരനായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം മാത്രമെ അച്ഛനുണ്ടായിരുന്നുള്ളൂ. മദ്യത്തിനും ചൂതാട്ടത്തിനും അടിമപ്പെട്ട്, കിട്ടുന്ന പണമത്രയും കുടിച്ചും കളിച്ചും തീർത്തു ആ മനുഷ്യൻ. എങ്കിലും അച്ഛനോടു ആരാധനയായിരുന്നു ജിബ്രാന്. അച്ഛനൊപ്പം വടക്കെ ലബനാനിന്റെ മലഞ്ചെരിവുകളിലൂടെ അലഞ്ഞതും നാടോടികളുടെ കൂടാരങ്ങളിൽ രാത്രി തങ്ങിയതുമെല്ലാം അവിസ്മരണീയാനുഭവമായിരുന്നെന്ന് ജിബ്രാൻ പിന്നീടു പലരോടും പറഞ്ഞിട്ടുണ്ട്.

മറോനായ പുരോഹിതൻ എസ്തപ്പാൻ ഖൂരിയുടെ മകൾ കാമില യായിരുന്നു ജിബ്രാന്റെ അമ്മ. ഹന്നാ അബ്ദുസലമിനെയായിരുന്നു കാമില ആദ്യം വിവാഹം ചെയ്തത്. വിവാഹ ശേഷം ഭർത്താവിനൊപ്പം ബ്രസീലിലേക്കു പോയെങ്കിലും പീറ്റർ എന്ന പുത്രനെ നൽകി ഹന്നാഅബ്ദുസലമം ഇഹലോക വാസം വെടിഞ്ഞു. ഇരുപത്തിയഞ്ചാം വയസിൽ വിധവയായ കാമില പിന്നീട് ഖലീൽ ജിബ്രാനെ വിവാഹം കഴിക്കുകയായിരുന്നു. തികഞ്ഞ മദ്യപാനിയും സാമ്പത്തിക അച്ചടക്കമില്ലാത്ത ആളുമായിരുന്ന ഭർത്താവുമായി തർക്കമൊഴിഞ്ഞ ദിവസങ്ങളില്ലായിരുന്നു. ഈ ബഹളാന്തരീക്ഷത്തിൽ നിന്നും രക്ഷ നേടാൻ വടക്കെ ലബനാനിലെ തന്റെ കൊച്ചു ഗ്രാമത്തിന്റെ സൗന്ദര്യനിറവിലൂടെ ഏകനായി കുട്ടിയായ ജിബ്രാൻ നടന്നു. അവിടെ, പഴയ കാലങ്ങളുടെ അത്ഭുതാവശിഷ്ടങ്ങൾക്കിടയിലൂടെ അലയുന്നതിനിടയിൽ ആദ്യമായി ജിബ്രാൻ കുത്തിക്കുറിച്ചു, കുഞ്ഞു രേഖാചിത്രങ്ങൾ വരച്ചു. പേപ്പറുകൾ തികയാതെ വരുമ്പോൾ, ആകാശം അച്ചുവാർത്ത മഞ്ഞുപാളികൾ അനേകം അത്ഭുത ശിൽപ്പങ്ങൾക്കു കുഴമണ്ണായി മാറി.

കുട്ടിക്കാലത്തൊരിക്കൽ സൂര്യന്റെ നഗരം എന്നറിയപ്പെട്ടിരുന്ന ബാൽബക്ക് നഗരത്തിന്റെ ബാക്കിയിരിപ്പുകളിലേക്ക് അച്ഛൻ കുട്ടിക്കൊണ്ടു പോയി. കാടിനുള്ളിൽ കുന്നുപോലെ കുമിഞ്ഞു കൂടിയ ജീർണ്ണാവശിഷ്ടങ്ങൾക്കു നടുവിലുള്ള ക്ഷേത്രത്തിന്റെ ആദിമമായ മൗന വിശുദ്ധിയിൽ നാലു ദിവസം കുടുംബം കൂടാരമടിച്ചു കഴിച്ചുകൂട്ടി. ഒരു പ്രഭാതത്തിൽ, ക്ഷേ



ദി ആർച്ചർ (ജിബ്രാന്റെ പെയിന്റിംഗ്)

ത്രപൂമുഖത്തു വീണുകിടന്ന സ്തൂപത്തിനു മേൽ കയറിയിരുന്ന് കിഴക്കിലേക്കു കണ്ണുനട്ടിരിക്കുന്ന ഒരവധൂതനെ ജിബ്രാൻ കാണാനിടയായി. അടുത്തു ചെന്ന് , ധൈര്യം സംഭരിച്ച് , എന്താണു ചെയ്യുന്നതെന്നു അപരിചിതനോടു ബാലനായ ജിബ്രാൻ തിരക്കി.

ജീവിതത്തിലേക്കു നോക്കുകയാണെന്ന മറുപടി കേട്ടപ്പോൾ, ഓ അതാണോ എന്നു ജിബ്രാൻ പ്രതികരിച്ചു.

അപ്പോൾ അവധൂതൻ ചോദിച്ചു



ദി വുമൺ

: എന്താ അതു പോരെ?

ഇതു പോലെയുള്ള അനുഭവങ്ങളുടെ ഓർമ്മകൾ ജീവിതാന്ത്യം വരെ ജിബ്രാനു കൂട്ടുണ്ടായിരുന്നു.

സൂര്യന്റെ നഗരം (ബാൽബക്) അദ്ദേഹത്തിന്റെ ആദ്യകാല രചനകളിൽ ഇടം നേടി.

പത്താം വയസിലുണ്ടായ ഒരു വീഴ്ച്ച കാരണം ആചേകളോളം



ജീസസ് ദി സൺ ഓഫ് മാൻ എന്ന പുസ്തകത്തിനു വേണ്ടി വരച്ചത്

ജിബ്രാൻ കട്ടിലിൽ തളർന്നു കിടന്നു. പക്ഷാഘാതത്തിന്റെ ഈ ദിനങ്ങളിൽ തന്റെ ആത്മാവിന്റെ ആഴങ്ങളിലുള്ള അക്ഷയഖനികളിലേക്ക് ഊളിയിട്ടു പോകാൻ ജിബ്രാനു അവസരം കൈവന്നു.

ഭർത്താവിൽ നിന്നു വ്യത്യസ്തമായി മക്കളുടെ ഭാവി സ്വപ്നം കണ്ട് അവരെ നല്ല നിലയിൽ വളർത്തണമെന്നു മോഹിച്ച നല്ല അമ്മയായിരുന്നു കാമില. ഔപചാരിക വിദ്യാഭ്യാസമില്ലായിരുന്നെങ്കിലും അനൽപമായ അറിവും ബുദ്ധിയുമുള്ളയാളായിരുന്നു അവർ. അറബിയും ഫ്രഞ്ചും അറിയാമായിരുന്നു, സംഗീത തൽപരയായ കാമില വളരെ ചെറുപ്പത്തിൽ തന്നെ മകന്റെ ഉള്ളിലുള്ള പ്രതിഭയുടെ വെളിച്ചം തിരിച്ചറിഞ്ഞ് അതിന്റെ പ്രകാശ പെരുമകൾക്കു തിരികൊളുത്തിയിരുന്നു. അമ്മയുടെ വളർത്തലിന്റെ ഉൽപ്പന്നമാണ് എന്റെ ഉള്ളിലെ ഞാൻ എന്ന് ജിബ്രാൻ എഴുതിയിട്ടുണ്ട്. ആദ്യകാല രചനയായ അൽ അജ്നിഹതുൽ മുതകസ്സിറയിൽ (ഒടിഞ്ഞ ചിറകുകൾ) മാതൃത്വത്തെ ജിബ്രാൻ ഇങ്ങനെ എഴുതുന്നു 'മനുഷ്യാധരങ്ങളിൽ നിന്നു പുറപ്പെടുന്ന ഏറ്റവും സുന്ദരപദം അമ്മ എന്നതാണ്, ഏറ്റവും മനോഹരമായ വിളി എന്റെ അമ്മേ എന്നുമാകുന്നു. നിറയെ പ്രതീക്ഷയും സ്നേഹവുമുൾചേർന്ന, ഹൃദയത്തിന്റെ അഗാധതയിൽ നിന്നു വരുന്ന, കനിവിന്റെ മധുരമുള്ള നാമമാണ് അമ്മ '

വിവാഹത്തിനു മുമ്പ് മറോനായ സഭയുടെ കന്യമഠത്തിൽ ചേരുന്നതിനെ കുറിച്ചാലോചിച്ചിരുന്നു കാമില. അഞ്ചാം നൂറ്റാണ്ടിലാണ് സിറിയയിലെ കൃസ്ത്യാനികൾ വിശുദ്ധ മറൂണിന്റെ അനുയായികളായത്. അരമായ ഭാഷയിൽ തന്നെ മതാനുഷ്ഠാനങ്ങൾ നടത്തിപ്പോന്നിരുന്ന ഈ വിഭാഗം കൃസ്ത്യാനികൾ, പുരാതനമായ ആത്മീയ വിശുദ്ധി കാത്തു പോന്നു. അമ്മയുടെ മനസ്സിന്റെ ആത്മീയമായ ഈ ചായ്വ് മകന്റെ ജീവിതത്തിലും രചനകളിലുമുടനീളം സ്വാധീനപ്പെട്ടുകിടന്നിട്ടുണ്ടാവാം.

പാശ്ചാത്യ പൗരസ്ത്യ ദേശങ്ങളിലെ സർവ്വ ഉപവിഭാഗങ്ങളും അധിവസിച്ചു പോന്ന കൊച്ചു രാജ്യമാണ് ലബനാൻ. 1840 വരെ ഷി



ബാല്യത്തിൽ ഹോളണ്ട് ഡേ എടുത്ത ജിബ്രാന്റെ ചിത്രം

യാക്കളും സുന്നികളും ഗ്രീക്ക് ഓർത്തഡോക്സും സിറിയൻ ഓർത്തഡോകസും അർമീനിയക്കാരും കൽദാനികളും മറോനായ വിഭാഗവും ഐക്യത്തോടും സമാധാനത്തോടും ജീവിച്ചിരുന്നു. എന്നാൽ 1845 ലുണ്ടായ ആഭ്യന്തര കലഹങ്ങളും ഒട്ടോമൻ ഭരണകൂടത്തിന്റെ ജനദ്രോഹ നടപടികളും രാജ്യത്ത് അരാജകത്വവും അശാന്തിയും സൃഷ്ടിച്ചു. പട്ടിണി പെരുകി. പല ലബനാനികളും ഭാഗ്യാന്വേഷികളായി പല രാജ്യങ്ങളിൽ കുടിയേറി. പലായനത്തിന്റെ ഏറിയ പങ്കും അമേരിക്കൻ ഐക്യനാ



ദി ഡിവൈൻ വേൾഡ്


ടുകളിലേക്കായിരുന്നു.

1895 ൽ കാമിലയും തന്റെ നാലു മക്കളുമായി അമേരിക്കയിൽ കുടിയേറി, ബോസ്റ്റണിലെ ഒരു ചേരിപ്രദേശത്തു താമസമാക്കി. പലപ്പോഴും ദുരിതങ്ങളും ദുരന്തങ്ങളും ഒന്നിനു പുറകെ മറ്റൊന്നെന്ന നിലയിൽ അഴിയാത്ത ചങ്ങലക്കണ്ണികളായി ജിബ്രാനെ പിന്തുടർന്നു. ആദ്യം സഹോദരി സുൽത്താനയുടെ മരണം, തുടർന്നു അമ്മയുടെയും സഹോദരൻ പീറ്ററിന്റെയും മരണം.എന്നാൽ ദുരന്തങ്ങളും പ്രവാസവും തിരസ്കാരങ്ങളും തന്റെ പ്രതിഭയുടെ ഉൾക്കരുത്തുകൊണ്ടു ജിബ്രാൻ നേരിട്ടു. അവയ്ക്കെല്ലാം കവിയുടെ ഉൾക്കാഴ്ച്ച കൊണ്ട് ദാർശനിക വിശദീകരണം നൽകാൻ ശ്രമിച്ചു. അങ്ങനെ ദുരിതവും മരണങ്ങളും ജിബ്രാനിലെ പ്രതിഭയ്ക്കു പാരിതോഷികമായി മാറി.

അമേരിക്കയിൽ അനുകൂല കാലവസ്ഥയായിരുന്നു ജിബ്രാന്. ബോസ്റ്റണിലെ ആയിടെ തുറന്ന പൊതു വായനശാലയിലെ പുസ്തകങ്ങൾ ആവേശം പകർന്നു. അധികം വൈകാതെ പ്രശസ്ത ചിത്രകാരനും ഫോട്ടോഗ്രാഫറും മനുഷ്യസ്നേഹിയുമായ ഹോളണ്ടു ഡേയുമായി ജിബ്രാൻ ചങ്ങാത്തത്തിലായി. ഹോളണ്ടു ഡേയുടെ നേതൃത്വത്തിലുള്ള അരക്കിറുക്കൻമാരായ കലാകാരൻമാരുടെ ബൊഹീമിയൻ കൂട്ടുകെട്ടിലേക്ക് ജിബ്രാനും കണ്ണിചേർന്നു. ഹോളണ്ടു ഡേയുടെ ചിത്രങ്ങൾക്കു വേണ്ടി ജിബ്രാൻ മോഡലായി. ദേവദാരുക്കളുടെ നാടായ ലബനാൻ ദേശക്കാരനായ യുവാവിലെ പ്രതിഭയുടെ തിളക്കം ഡേ തിരിച്ചറിഞ്ഞു. ബോസ്റ്റണിന്റെ സാംസ്കാരിക ലോകത്തിനു മുന്നിൽ അദ്ദേഹം ജിബ്രാനെ അവതരിപ്പിച്ചു. കാൽപനിക സാഹിത്യ സൃഷ്ടികൾ ജിബ്രാനു പരിചയപ്പെടുത്തി. ഹോളണ്ടു ഡേയുടെ സ്റ്റുഡിയോയിൽ വെച്ചു ജിബ്രാന്റെ ചിത്രങ്ങളുടെ പ്രഥമപ്രദർശനം നടന്നു. പ്രദർശനത്തിനിടയിൽ പിന്നീടു തന്റെ ആത്മാവിന്റെ കൂട്ടുകാരിയും ഭൗതിക ജീവിത യാത്രകളുടെ സ്പോൺസറുമായിത്തീർന്ന മേരി എലിസബത്ത് ഹാസ്കിലിനെ പരിചയപ്പെട്ടു. 1908 ൽ മേരിയുടെ സഹായത്തോടെ ചിത്രകലയിൽ ഉപരിപഠനം നടത്തുന്നതിനുവേണ്ടി പാരീസിലേക്കു പോയി. പാരീസിൽ പ്രശസ്ത ശിൽപിയും അറിയപ്പെട്ട നിഷേധിയുമായ അഗസ്റ്റ് റോഡിനു ശിഷ്യപ്പെട്ടു. കലയുടെ സാമ്പ്രദായിക രീതികളിൽ നിന്നും വഴിമാറി നടക്കാൻ അഗസ്റ്റ്



നസീബ് അരീദ, ജിബ്രാൻ, ഹദ്ദാദ്, നുഅയ്മ - 1920



അഗസ്റ്റ് റോഡിൻ

റോഡിനാൽ ജിബ്രാൻ പ്രേരിതനായി.അഗസ്റ്റ് റോഡിനാണു ജിബ്രാനു പ്രശസ്ത ഇംഗ്ലീഷ് കവിയും കലാകാരനുമായ വില്യം ബ്ലേക്കിന്റെ ലോകത്തേക്കുള്ള വാതിൽ തുറന്നു കൊടുത്തത്. ബ്ലേക്കു പിന്നീട് പല കാര്യങ്ങളിലും ജിബ്രാനു മാർഗ്ഗദർശിയായി. ഈ കാലയളവിൽ തന്നെയാണ് ഫ്രെഡറിക് നീതഷെയുടെ ദസ് സ്പേക് സരതുഷ്ട യുടെ ആകർഷണ വലയത്തിൽ ജിബ്രാൻ അകപ്പെടുന്നത്. നീത്ഷെ എന്ന സൂപ്പർമാനു മുന്നിൽ ജിബ്രാൻ ആരാധനയോടെ നിന്നു.

രണ്ടു വർഷത്തെ പാരീസ് ജീവിതത്തിനു ശേഷം ജിബ്രാൻ ബോസ്റ്റണിലേക്കു മടങ്ങി.

തൊട്ടടുത്ത വർഷം ,ജിബ്രാൻ ന്യൂയോർക്കിലേക്കു പോയി. അവിടെ വെസ്റ്റ് സ്ട്രീററിൽ 51 ാം മുറിയെ തന്റെ വാസസ്ഥലമായും സ്റ്റുഡിയോ ആയും ജിബ്രാൻ സ്വീകരിച്ചു.

ന്യൂയോർക്കിലെ ആദ്യ കാലങ്ങളിൽ ഡബ്ല്യൂ.ബി.യീറ്റ്സ്, കാൾ യുങ്, ബഹായി ആത്മീയാചാര്യൻ അബ്ദുൾ ബഹാ തുടങ്ങിയ വിവിധ മേഖലകളിലുള്ളവരുമായി സൗഹൃദത്തിലാവാൻ ജിബ്രാനു കഴിഞ്ഞു. അറബിയിൽ അൽമ്യൂസികിയും അൽ അർനിഹത്തുൽ മുതകസ്സിറയും (ഒടിഞ്ഞ ചിറകുകൾ) പ്രസിദ്ധീകരിച്ചു. അതിശയിപ്പിക്കുന്ന സ്വീകാര്യതയാണു തന്റെ നാട്ടിൽ ജിബ്രാനു ലഭിച്ചത്. ജിബ്രാന്റെ ലേഖനങ്ങൾ പല അറബി പത്രങ്ങളും പുനഃപ്രസിദ്ധീക


രിച്ചു. അറബി സാഹിത്യത്തിനു പരിചിതമല്ലാത്ത വഴികളിലൂടെ വേറിട്ട ശൈലിയും ഉള്ളടക്കങ്ങളുമായി ജിബ്രാൻ സഞ്ചരിച്ചു. 1920 ൽ ന്യൂയോർക്കിലെ അറബി പ്രവാസി എഴുത്തുകാരെ സംഘടിപ്പിച്ചു കൊണ്ട് അൽ റാബിത്വ അൽ കലമിയ്യ (തൂലിക പ്രസ്ഥാനം) രൂപീകരിച്ചു. സംഘത്തിന്റെ എംബ്ലം രൂപകൽപന ചെയ്തതും ജിബ്രാൻ തന്നെയായിരുന്നു. അറബി സാഹിത്യത്തിൽ അന്നു വരെ അനുവർത്തിച്ചു പോന്ന തഖ്‌ലീദുകളോടു (അനുകരണങ്ങൾ) അൽ റാബിത്വ അൽ കലമിയ്യ കലഹിച്ചു. ആധുനിക അറബി സാഹിത്യത്തെ ഘടകങ്ങൾ കൊണ്ടുള്ള ചെപ്പടി വിദ്യകളിൽ നിന്നും മോചിപ്പിച്ച് പുതിയൊരു യുഗത്തിനു നാന്ദി കുറിക്കാൻ റാബിത്വയ്ക്കു കഴിഞ്ഞു. ജിബ്രാനായിരുന്നു അതിന്റെ നെടുംതൂൺ.

ഇതിനിടയിൽ ഇംഗ്ലീഷിലും ജിബ്രാൻ എഴുതാൻ തുടങ്ങി.




ഡബ്ല്യു.ബി.യീറ്റ്സ് ടി.എസ്.എലിയറ്റ്

സെവൻ ആർട്സ് എന്ന മാസികയിൽ ജിബ്രാന്റെ ചില കവിതകൾ പ്രത്യക്ഷപ്പെട്ടു. ദീർഘ നാളത്തെ വായനയും പരിശീലനവും തെളിയിക്കുന്നതായിരുന്നു ഈ കവിതകൾ. മറ്റു ചില അപ്രശസ്തരായ എഴുത്തുകാരുമായി സഹകരിച്ച് ജിബ്രാൻ തന്നെ പണം മുടക്കിയായിരുന്നു ഇങ്ങനെയൊരു മാസിക തുടങ്ങിയത്. സെവൻ ആർട്സിനെ കുറിച്ചു പിന്നീടൊന്നു കേട്ടില്ലെങ്കിലും , ഇംഗ്ലീഷിൽ രചനകൾ തുടർന്നു നടത്താൻ അതു ജിബ്രാനു ആത്മ വിശ്വാസം നൽകി. വൈകാതെ ദി മാഡ്മാനും ദി ഫോർറണ്ണറും പ്രസിദ്ധീകൃതമായി. 1923ൽ തന്റെ മാസ്റ്റർപീസായ ദി പ്രൊഫറ്റ് പ്രകാശിതമായി. ഇരുപതോളം ലോക ഭാഷകളിലേക്ക് പ്രവാചകൻ മൊഴിമാറ്റപ്പെട്ടു. ലോകത്തിന്റെ പല ഭാഗങ്ങളിലും ജിബ്രാനു ആരാധകരുണ്ടായി. പശ്ചാത്യ ലോകത്ത് ഇത്രയധികം പ്രശസ്തി കൈവരിച്ചിട്ടും അമേരിക്കൻ മുഖ്യധാരാ പ്രസിദ്ധീകരണങ്ങളോ നിരൂപകരോ ജിബ്രാനെ കണ്ടില്ലെന്നു നടിച്ചു.




ആധുനിക അമേരിക്കൻ സാഹിത്യത്തിന്റെ കണക്കെടുപ്പുകളിൽ ജിബ്രാനും കൃതികളും എങ്ങനെയോ ഒഴിവാക്കപ്പെട്ടു. പക്ഷെ ജിബ്രാൻ ആവേശത്തോടെ ജോലി ചെയ്തു. കൂടുതൽ കൂടുതൽ വരയ്ക്കാനും എഴുതാനും കൊതിച്ചു.ചെയ്തതെല്ലാം അബദ്ധങ്ങളും അപസ്വരങ്ങളുമാണെന്നു സ്വയം വിലയിരുത്തി. ഒന്നും ചെയ്തില്ലല്ലോ എന്നു ഉള്ളുരുകി.

ഒരവധിക്കാലം ചിലവഴിക്കുമ്പോൾ ജിബ്രാനുമായുണ്ടായ മറക്കാൻ പറ്റാത്ത ഒരനുഭവം മിഖായേൽ നുഐമ വിവരിക്കുന്നു:

'ഇങ്ങനെ പലതും സംസാരിച്ചു കൊണ്ട് ഞങ്ങൾ നടക്കവെ പെട്ടെന്നു ജിബ്രാൻ നിന്നു.തന്റെ വടി നിലത്തടിച്ചു കൊണ്ടു എന്നെ വിളിച്ചു.ഞാനും നിന്നു.ഗ്രാമഭംഗിയും വെള്ളച്ചാട്ടവും ജിബ്രാന്റെ മുഖത്തുണ്ടാക്കിയ അത്ഭുതവും ആനന്ദവും പോയ്മറഞ്ഞിരുന്നു.പകരം വേദനയുടെ മേലാപ്പു മൂടിയിരുന്നു.രണ്ടാമതും എന്റെ പേരു വിളിച്ച് ജിബ്രാൻ ഇങ്ങനെ പറയുന്നതാണ് ഞാൻ കേട്ടതു.

'യാ മീഷാ, അന നബല കാദിബിൻ'(മീഷാ, ഞാനൊരു വ്യാജ വിഗ്രഹമായിപ്പോയല്ലോ )

പ്രശസ്തിയേറും തോറും താൻ മരണത്തിലേക്കു നടന്നടുക്കുകയാണെന്നു ജിബ്രാൻ അറിഞ്ഞില്ല. വിശ്രമമില്ലാത്ത എഴുത്തും വരയും അതിനു കൂട്ടായ ജിബ്രാന്റെ ഭാഷയിൽ ആത്മീയ പാനീയങ്ങളുടെ ഉപയോഗത്തിലുള്ള നൈരന്തര്യവും ജിബ്രാനെ രോഗിയാക്കി. 1931 ഏപ്രിൽ 10 ന് ന്യൂയോർക്കിലെ സെന്റ് വിൻസെന്റ് ഹോസ്പിറ്റലിൽ, എഴുത്തിന്റെയും വരയുടെയും ലോകത്തിനു വേണ്ടി ആസൂത്രണം ചെയ്ത സ്വപ്ന പദ്ധതികളുടെ മോഹങ്ങളൊടുങ്ങാതെ, ജിബ്രാൻ അവസാനിച്ചു. തന്റെ നായകൻ അൽമുസ്തഫയുടെ പ്രവചനത്തിൽ ജിബ്രാൻ ആശ്വാസം കണ്ടെത്തിയിട്ടുണ്ടാകണം:

'ഓർഫലീസിലെ ജനങ്ങളേ,നിങ്ങൾക്കു നല്ലതു വരട്ടെ.

ഈ ദിനം അവസാനിച്ചു.അതു നമ്മുടെ മേൽ കൂമ്പിയടയുന്നു. താമരപ്പൂവ് അതിന്റെ നാളെയുടെ മേൽ എന്ന പോലെ.

ഇവിടെ നമുക്കായി നൽകപ്പെട്ടവ, നാം സൂക്ഷിക്കും. അതു മതിയാകാതെ വന്നാൽ, വീണ്ടും നമ്മൾ ഒരുമിക്കേണ്ടി വരും. ദാതാവിന്റെ നേർക്ക്, നമ്മുടെ കൈകൾ ഒരുമിച്ചു നീട്ടേണ്ടിയും വരും.

ഞാൻ നിങ്ങളിലേക്കു മടങ്ങി വരുമെന്നത് മറക്കരുത്.

അൽപകാലം കഴിയുമ്പോൾ, മറ്റൊരു ശരീരമാകാൻ വേണ്ടി, എന്റെ കാമന പൊടിയും പതയും ശേഖരിക്കും.

അൽപകാലം കഴിയുമ്പോൾ, കാറ്റിൽ ഒരു നിമിഷത്തെ വിശ്രമത്തിനു ശേഷം, വേറൊരു സ്ത്രീ എന്നെ ഗർഭത്തിൽ വഹിക്കും.

ഒരു സ്വപ്നത്തിൽ നാം കണ്ടുമുട്ടിയതു ഇന്നലെയായിരുന്നു

സ്മൃതിയുടെ സന്ധ്യപ്രകാശത്തിൽ, ഒരിക്കൽക്കൂടി കണ്ടുമുട്ടുകയാണെങ്കിൽ, നമ്മൾവീണ്ടും ഒരുമിച്ചു സംസാരിക്കും. നിങ്ങൾ എനിക്കായി, അഗാധതരമായ ഒരു ഗാനം പാടും.

മറ്റൊരു സ്വപ്നത്തിൽ, നമ്മുടെ പാണികൾ സന്ധിക്കുകയാണെങ്കിൽ, നാം മറ്റൊരു ഗോപുരം ആകാശത്തിൽ പണിയും (പരിഭാഷ: കെ.വി.തമ്പി)

കവിയുടെ ശബ്ദം എന്ന ലേഖനത്തിൽ ജിബ്രാൻ പറയുന്നു:

'ഒരു വാക്കു ഉച്ചരിക്കാനാണു ഞാൻ വന്നത്, അതു ഞാൻ പറയുക തന്നെ ചെയ്യും, അതുച്ചരിക്കുന്നതിനു മുമ്പു കാലം എന്നെ തിരിച്ചുവിളിച്ചാൽ നാളെ അതു വിളിച്ചുപറയും, കാരണം അന്ത്യമില്ലാത്ത പുസ്തകത്തിൽ ഒളിപ്പിക്കപ്പെട്ട രഹസ്യമായി നാളെ ഒന്നും വിട്ടേയ്ക്കില്ല'

*(മാതൃഭൂമി ബുക്സ് ഇറക്കി പ്രസിദ്ധീകരിക്കുന്ന ഖലീൽ ജിബ്രാന്റെ പ്രവാചകൻ 90 ാം വർഷ പ്രത്യേക പതിപ്പിനെഴുതിയ ആമുഖം)*